# കോട്ടപ്പടി
# സെൻറ് ജോർജ് ഓർത്തഡോക്സ്
# പള്ളിച്ചരിത്രം



വജ്രജൂബിലി സ്മരണിക

1992

# കോട്ടപ്പടി

# സെൻറ് ജോർജ്ജ് ഓർത്തഡോക്സ്

# പള്ളിച്ചരിത്രം

വജ്രജൂബിലി സ്മരണിക

1992

## ഒരു സഭാ ഭക്തിഗാനം

[സ്വാഗതമേ!_ശോഭിതനാബൂൻ........എന്ന രീതി]

വിജയിപ്പൂ! ക്രി-സ്തുവിൻ സഭയും
ഭാ-രത ശ്ലീഹാ മാർ-തോമാ-യും
[1]ആദയ്, [2]ആ-ഹ്ദാബോയ്, [3]ബാറെബ്രായ്,
[4]ബാസേല്യോസ് ഇവർ തൻ പൈതൃകവും.

ഓ-ർത്താ-ഡോക്സ് വിശ്വാ-സം പരിപാലിക്കും
ഇപ്പരിപാവനമാം സത്യസഭ
വാനവരൊപ്പം പാടുന്നിപ്പോൾ
വാഴട്ടെന്നും കാതോലിക്കോസ്
ബാ-സേ-ലി-യോസ് മാർതോമ;
വാഴട്ടെന്നും കാതോലിക്കോസ്
ബാ-സേ-ലി-യോസ് മാർതോമ!.

---

1. തോമാശ്ലീഹായുടെ അടുത്ത പിൻഗാമി. [A. D. 72 – 120]
2. A. D. 231ൽ ഉർശ്ലേം സുന്നഹദോസിനാൽ കാതോലിക്ക എന്ന പേരിൽ വാഴിക്കപ്പെട്ട ആദ്യ പിതാവ്. [231–246]
3. കിഴക്കിൻെറ വെള്ളിനക്ഷത്രം എന്ന പേരിൽ പ്രസിദ്ധനായ പണ്ഡിതനും ചരിത്രകാരനുമായ കാതോലിക്ക [1264–1286]
4. 1581ൽ അന്ത്യോഖ്യായുടെ ദാവൂദ്ശാപാത്രിയർക്കീസിൻെറ തെരഞ്ഞെടുപ്പ് യോഗത്തിൽ അദ്ധ്യക്ഷനായി തോമാശ്ലീഹായുടെ സിംഹാസനത്തിൽ കാതോലിക്കയായ ബാസേലിയോസ് എന്നെഴുതി ഒപ്പിട്ടദേഹം [1560–1589]

## സഭാ പതാകയെ കീർത്തിക്കുന്ന ഒരു ഗാനം

[ജോണി ജോക്കറ് ബജാർ മെജാത്ത......എന്നു തുടങ്ങുന്ന രീതി]

ഓർത്തഡോക്സ് സഭാപതാക
ഉയരു ഉയരേ പാറിപ്പറക്കു!
ഉയരു ഉയരേ പാറിപ്പറക്കു!

പാളയത്തിൻ നടുവിൽ പിത്തള-
സർപ്പം പോലിതാ പീത പതാക
സർപ്പത്തിൻ പ്രലോഭന ഫലമായ്
പാപത്തിൽ കീഴരുവായവരാം
സത്യ സഭാവിശ്വാസികൾ മദ്ധ്യേ
പ്രത്യാശാ കിരണാവലി ചിതറി

ഓർത്തഡോക്സ് സഭാപതാക
ഉയരു..........................
ഉയരു..........................

മാർത്തോമായാൽ സ്ഥാപിതമായ
പേർഷ്യാനാട്ടിലെ കാതോലിക്കാ-
പൈതൃകമിങ്ങും പ്രഖ്യാപിക്കും
പാരസിക ക്രൂശ് മാറിൽ ചാർത്തിയ

ഓർത്തഡോക്സ്...............
ഉയരു..........................
ഉയരു..........................

മാർത്തോമായാൽ സ്ഥാപിതമാമീ
ഓർത്തഡോക്സ് വിശുദ്ധസഭാതൻ
സ്വാതന്ത്ര്യം, നിർമ്മല വിശ്വാസം,
സ്വയം ശീർഷതയിവഘോഷിക്കും

ഓർത്തഡോക്സ്.................
ഉയരു ...........................
ഉയരു...........................

# കോട്ടപ്പടി
# സെൻറ് ജോർജ് ഓർത്തഡോക്സ്
# പള്ളിചരിത്രം

**സ്ഥാപനം, കൂദാശ.**

1932 ജനുവരി 28 കോട്ടപ്പടിയിൽ ഓർത്തഡോക്സ് സുറിയാനി ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം തങ്ക ലിപികളാൽ രേഖപ്പെടുത്തപ്പെട്ട ദിവസമാണ്. ദൈവാരാധനക്കും മററു ആത്മീയാവശ്യങ്ങൾക്കും രണ്ടു നാഴികയോളം ദൂരെയുള്ള ആത്താററ് സെൻറ്മേരീസ് വലിയ പള്ളിയെ ആശ്രയിച്ച് കഴിഞ്ഞിരുന്നവർക്ക് നാട്ടിൽ ഒരു ദേവാലയമുണ്ടായി:

പള്ളിമണികൾ മുഴങ്ങി; ജനങ്ങൾ ശ്രദ്ധിച്ചു; തെങ്ങോലകൾ ആടിയാടി വിശ്വാസികളെ മാടിവിളിച്ചു; വൃക്ഷശാഖകളിൽ വിശ്രമിച്ചിരുന്ന പറവകൾ പാടി; കാട്ടുപാടത്ത് മേഞ്ഞ് നടന്നിരുന്ന കാലികൾ കാതോർത്തു. വെടിപടഹങ്ങളുടെ ധ്വനി; പൈതങ്ങളുടെ ഗാനാലാപം. അതാ കിഴക്കുനിന്നൊരു ഘോഷയാത്ര. അന്ന് അപൂർവ്വമായിമാത്രം ഇന്നാട്ടിൽ കാണാൻ തരപ്പെട്ടിരുന്ന ഒരു തുറന്ന കാറിൽ രണ്ട് മഹാചാര്യന്മാർ എഴുന്നെള്ളുന്നു. മലങ്കര സഭാഭാസുരൻ നി.വ.ദി.മ. ശ്രീ. വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തയും സഹായി നി. വ. ദി. ശ്രീ. ഗീവർഗ്ഗീസ് മാർ പീലക്സീനോസ് മെത്രാനും. ആ മഹാചാര്യന്മാർ വാഹനത്തിൽ നിന്നിറങ്ങി ഓർത്തഡോക്സ്കാർ ഒത്തുകൂടി പാർക്കുന്ന തെരുവിലൂടെ ഭവനങ്ങളെ ആശീർവദിച്ച് നടന്ന് നീങ്ങിയപ്പോൾ ക്രിസ്തുവിന്റെ ഊശാനായാത്രയെ അനുസ്മരിപ്പിക്കുമാറ് വിശ്വാസികൾ വഴി നീളെ വെള്ളവസ്ത്രങ്ങൾ വിരിച്ചും ഗൃഹദ്വാരങ്ങളിൽ കത്തിച്ച നിലവിളക്കുകൾ വെച്ചും വരവേററു.




പള്ളികൂദാശ ചെയ്ത മഹാചാര്യന്മാർ

അവർ ആർത്താററ് കുന്ദംകുളം വൈദീകരുടെ സഹകരണത്തോടെയും കോട്ടപ്പടിയിലും പരിസരപ്രദേശങ്ങളിലുമുള്ള വിശ്വാസികളുടെ സാന്നിദ്ധ്യത്തിലും കോട്ടപ്പടി സെൻറ് ജോർജ്ജ് ഓർത്തോഡോക്സ് പള്ളി കൂദാശ ചെയ്ത് ആരാധനക്കായി പ്രതിഷ്ഠിച്ചു. പീലക്സിനോസ് മെത്രാൻ പള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു. പള്ളികൂദാശയോടൊപ്പം പള്ളിക്ക് വടക്കുവശത്തായി സിമിത്തേരിക്കായുള്ള സ്ഥലവും കൂദാശ ചെയ്തു. അവിടെ കൽത്തറയിൽ ഒരു മരക്കുരിശും പള്ളിയുടെ തെക്കുവശം റോഡരുകിൽ കൽത്തറയിൽ മരക്കുരിശുള്ള ഒരു കുരിശടിയും സ്ഥാപിച്ചിരുന്നു.

കോട്ടപ്പടി ഓർത്തോഡോക്സ് ക്രിസ്ത്യാനികൾ ഒരു ആരാധനാലയത്തിന്ന് വേണ്ടി നാളേറെ മുമ്പ് പരിശ്രമം തുടങ്ങിയിരുന്നു. ശ്രീമാന്മാരായ മുത്തുകുളം കുഞ്ഞച്ചൻമാത്തുവും ആലുമൂട്ടിൽ ജോർജ്ജ് തോമസും അതിന്ന് നേതൃത്വം നൽകി. കച്ചവടക്കാരായിരുന്ന ഇടവകക്കാർ സ്വന്തം കടകളിൽ കുററികൾ വെച്ച് ദിനപ്പിരിവ് ശേഖരിച്ചും സാമ്പത്തികശേഷിയനുസരിച്ച് ഓരോരുത്തരും സംഖ്യ വരിയിട്ടെടുത്തും മററിടവകകളിലും വിദൂര പട്ടണങ്ങളിലും പോയി പള്ളിനിർമ്മാണത്തിനായി സംഭാവനകൾ സ്വീകരിച്ചും ആവശ്യാനുസരണം ഒരു സംഖ്യ സ്വരൂപിച്ചു. പള്ളി സ്ഥാപിക്കുന്നതിന് അക്കാലത്തെ നിയമമനുസരിച്ച് ജന്മഭൂമി വേണമായിരുന്നു. റോഡരുകിൽ മൊത്തം ഇടവകക്കാർക്ക് സൌകര്യപ്പെടുമാറുള്ള ജന്മസ്ഥ





മുത്തുകുളം
കുഞ്ഞച്ചൻ മാത്തു



ആലുമൂട്ടിൽ
ജോർജ്ജ് തോമസ്

ലം ലഭിക്കലായിരുന്നു അടുത്ത പ്രശ്നം. മുത്തുകുളം കുഞ്ഞച്ചൻമാത്തു ഏറെക്കുറെ മേൽപറഞ്ഞ സൌകര്യമുള്ള തൻെറ വക സ്ഥലം പള്ളിസ്ഥാപനത്തിന്നു് വിട്ടുകൊടുക്കാൻ തയ്യാറായി. ഒരാളിൽ നിന്നു് ദാനമായി ലഭിക്കുന്ന സ്ഥലത്തല്ല ഇടവകക്കാർ സ്വരൂപിച്ച പണംകൊണ്ടു് പള്ളിക്കായി തീറുവാങ്ങിയ സ്ഥലത്തുവേണം പള്ളിസ്ഥാപിക്കാൻ എന്ന അഭിപ്രായത്തിന് മുൻതൂക്കമുണ്ടായതിനാൽ പ്രസ്തുതസ്ഥലത്തിന് 700 രൂ. വില നിശ്ചയിച്ച് അവിടെ പള്ളിസ്ഥാപിക്കാൻ തീരുമാനമായി. പക്ഷെ സ്വരൂപിച്ച പണത്തിൽ ഒരു ഭാഗം തർക്കത്തിൽപെട്ട് തല്ക്കാലം ലഭിക്കാത്ത നിലവന്നപ്പോൾ തീറ് നടക്കാതെ തന്നെ പള്ളിപ്പണി തുടങ്ങി. ഇടവകക്കാരുടെ താല്പര്യപ്രകാരം മുത്തുകുളം കുഞ്ഞച്ചൻ മാത്തു തന്നെ പള്ളിക്കു ശിലാസ്ഥാപനം നടത്തി. 1926 ൽ ആരംഭിച്ച പള്ളിപ്പണി തർക്കവിതർക്കങ്ങളുടെ ഫലമായിട്ടായിരിക്കണം 1932 വരെ നീണ്ടു. ഏതായാലും 1932 ജനുവരിയിൽ കോട്ടപ്പടി ഓർത്തോഡോക്സ് സുറിയാനിക്കാരുടെ സ്വപ്നം സാക്ഷാൽകരിക്കപ്പെട്ടു. പള്ളിപ്പണിക്കു് വേണ്ടി പാടുപെട്ടവരിൽ സർവ്വശ്രീ പുലിക്കോട്ടിൽ ഉക്രുവറീതു്, ചെറുവത്തൂരു് മാത്തപ്പൻ ചാക്കു, ചെമ്മണ്ണൂരു് പൌലോസ് പാത്തപ്പൻ, പനക്കൽ ഇററിമാത്തു താരു എന്നിവരുടെ സേവനം വിസ്മരിക്കാവതല്ല.

ആരെ വിഴുങ്ങേണ്ടു, ആരെ വിഴുങ്ങേണ്ടു എന്നു കരുതി ലോകമെങ്ങും ഊരാടി നടക്കുന്ന ആ 'ലൂസിഫർ' കോട്ടപ്പടിയിലുമെത്തി. ദേവാലയം ഉണ്ടായതിലുള്ള സന്തോഷത്തിൻെറ ആഘോഷം സമാപിക്കും മുമ്പെ തന്നെ തർക്കം രംഗപ്രവേശം ചെയ്തു. ദ്രവ്യാഗ്രഹം, പള്ളിപ്പണിക്കു് വേണ്ടി സ്വരൂപിച്ച പണത്തെപ്പററിയുള്ള തർക്കം ആരാധന മുടക്കി പള്ളി പൂട്ടിയിടുന്ന നിലവരെ എത്തി.

ഇടവകക്കാർ തമ്മിൽ തമ്മിലുള്ള വ്യക്തി വിരോധം പള്ളികാര്യങ്ങളെ ബാധിക്കരുതെന്നുള്ള ഉദ്ദേശത്തോടെയാണെന്ന് കരുതുമാറ് മെത്രാപ്പോലീത്ത പള്ളിക്ക് ട്രസ്റ്റിമാരായി കുന്ദംകുളത്തുകാരായ ശ്രീമാന്മാർ ചെറുവത്തൂര് മാത്തുകുരിയാക്കുവിനേയും പനക്കൽ ചാക്കുകുഞ്ഞാത്തുവിനേയും നിയമിച്ച് കല്പന പുറപ്പെടുവിച്ചു. തക്കത്തിന്റെ മൂച്ച് കുറഞ്ഞെങ്കിലും പള്ളി പൂട്ടിക്കിടന്നു. എന്നാൽ ഈ കാലഘട്ടത്തിൽ ഇടവകയിലെ ശ്രീ. ചെറുവത്തൂര് വറിയത് പൈലിക്ക് പള്ളിത്താക്കോൽ കൈവശം ലഭിക്കുകയും അദ്ദേഹം നോമ്പുകാലങ്ങളിൽ പള്ളി തുറന്ന് പ്രത്യേക പ്രാർത്ഥനകൾക്കായി (ഉച്ചകുമ്പിടൽ മുതലായവ) സൌകര്യം നല്കുകയും ചെയ്തു പോന്നു എന്നത് പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. 1938 ജനുവരി വരെ ഈ നില തുടർന്നു.

## ഭരണക്രമവും ഭാരവാഹികളും.

1938 ജനുവരിയോടെ കോട്ടപ്പടിപള്ളിയിൽ നിന്ന് വഴക്കിന്റെ ദുരാത്മാവ് വഴിമാറി. പൂട്ടിക്കിടന്ന പള്ളിതുറന്നു. പള്ളിയുടെ ആദ്യ പൊതുയോഗം 30-1-38ന് കൂടി. പള്ളിക്ക് ഒരു ഭരണക്രമം ക്രോഡീകരിച്ചു, പള്ളി ഭരണത്തിന്നായി ആർത്താററ് കുന്ദംകുളം പള്ളികളിലെ അതത് കാലത്തെ മൂപ്പച്ചന്മാർ സ്ഥാനന്യായേന പള്ളി ഇടവക യോഗത്തിന്റെ പ്രസിഡന്റും ഇടവകയോഗം തിരഞ്ഞെടുക്കുന്ന നാലുപേരും ചേർന്ന ഒരു കമ്മിററിയും, അവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഒരു സെക്രട്ടറി ട്രസ്റ്റിയും ഖജാൻജി ട്രസ്റ്റിയും കൂടി കമ്മിററിയുടെ തീരുമാനവും ഉപദേശവുമനുസരിച്ച് കാര്യങ്ങൾ നടത്താനുമായിരുന്നു ക്രമീകരണം. ഈ ക്രമീകരണമനുസരിച്ച് ആദ്യകാലത്ത് പള്ളിക്കമ്മിററി പ്രസിഡന്റ്മാരായിരുന്ന വികാരിമാർ വ. ദി ശ്രീ കോലാടി ദാവീദ് കോറെപ്പിസ്കോപ്പായും, ദി. ശ്രീ. ചെറുവത്തൂര് യാക്കോബ് കശീശ്ശയും (പിന്നീട് കോറെപ്പിസ്കോപ്പ) ദി. ശ്രീ. പാറമേൽ കുറിയാക്കോസ് കശീശ്ശായും ആയിരുന്നു.

പ്രസ്തുത പൊതുയോഗത്തിൽ വെച്ച് പള്ളികൈക്കാരന്മാരായിരുന്ന കുന്ദംകുളത്തുകാർ സ്ഥാനമൊഴിഞ്ഞു. സെക്രട്ടറി ട്രസ്റ്റിയായി ശ്രീ. ആലുമൂട്ടിൽ തോമസ് ജോർജ്ജും കൂട്ടുട്രസ്റ്റി (ഖജാൻജി) യായി ശ്രീ. പനക്കൽ ഇററിമാത്യു താരുവും, കമ്മിററി മെമ്പർമാരായി ശ്രീ പുലിക്കോട്ടിൽ ഉക്രവറീതും ശ്രീ. ചെമ്മണ്ണൂര് പാത്തപ്പൻ മാത്തുകുട്ടിയും തെരഞ്ഞെടുക്കപ്പെട്ടു. പള്ളിക്കാര്യങ്ങൾ ഭംഗിയായി മുന്നോട്ട് നീങ്ങിത്തുടങ്ങി. 1938 ലെ ആഘോഷമായ പള്ളിപ്പെരുന്നാൾ ഇടവകയുടെ മദ്ധ്യസ്ഥ പുണ്യവാനായ ഗീവർഗ്ഗീസ് സഹദായുടെ ഓർമ്മദിവസമായ മേടം 23-ാംനു- അതിഗംഭീരമായി വെടിപടഹങ്ങളോടെ തന്നെ കൊണ്ടാടി. അക്കാലത്ത് കുന്ദംകുളം പരിസരത്ത് വൈദീകർ എണ്ണത്തിൽ ചുരുക്കമായതിനാൽ ഈ പള്ളിയിൽ മാസത്തിൽ ഒരു ഞായറാഴ്ചമാത്രം വി. കുർബ്ബാന അനുഷ്ഠിക്കുന്ന



പതിവാണുണ്ടായിരുന്നത്. പിന്നെ പള്ളിപ്പെരുന്നാൾ ദിവസവും പ്രത്യേക വഴിപാടായി വിശ്വാസികൾ പറഞ്ഞു ഏല്പിക്കുന്ന ദിവസവും വി. കുർബ്ബാനയുണ്ടാകും.

മുൻ പ്രസ്താവിച്ച ഭരണക്രമം 1959 വരെയും നിലനിന്നു. 1959 ആഗസ്റ്റിൽ മലങ്കര ഓർത്തൊഡോക്സ് സുറിയാനി സഭയുടെ ഭരണഘടന ഈ ഇടവകക്കും ബാധകമാകുമാറ് സ്വീകരിച്ച് നടപ്പാക്കി.

## ആദ്യമായിലഭിച്ച സ്ഥാവരവസ്തു

പള്ളിപ്പറമ്പിന്റെ മുൻഭാഗത്തുണ്ടായിരുന്ന 3 പറ നിലം മുതുകുളം മാത്തുമക്കൾ ഉതുപ്പവും സഹോദരന്മാരും ചേർന്ന് തീറുവാങ്ങി പള്ളിക്ക് ദാനം ചെയ്തത് 1939 ഏപ്രിൽ മാസത്തിലായിരുന്നു പള്ളിക്ക് ആദ്യമായി ലഭിച്ച സ്ഥാവരവസ്തു. ഇതു പിന്നീട് പള്ളിപറമ്പ് വിസ്തൃതമാക്കുന്നതിന്ന് ഉപകരിച്ചു.

## പെരുന്നാളുകൾ

1938ൽ കേമമായി ആഘോഷിച്ചത് ഗീവർഗ്ഗീസ് സഹദായുടെ പെരുന്നാൾ ആയിരുന്നെങ്കിലും 1939ൽ പള്ളിസ്ഥാപനദിനമായ മകരം 15-ാംനു- (ദൈവമാതാവിന്റെ പുകഴ്ചപ്പെരുന്നാൾ) ആണ് കേമമായി ആഘോഷിച്ചത്. അന്നുമുതൽ മകരം 15-ാംനു- (പിന്നീട് 1953ൽ ഗ്രീഗോറിയൻ കലണ്ടർ സഭയിൽ നടപ്പായതു മുതൽ ജനുവരി 15-ാം നു-) പള്ളിയുടെ പ്രധാന പെരുന്നാളായും മേടം 23-ാംനു- (പിന്നീട് ഏപ്രിൽ 23-ാംനു-) ഗീവർഗീസ് സഹദായുടേത് ചെറിയ പെരുന്നാളായും ആഘോഷിക്കുന്നത് പതിവായി. എന്നാൽ 1944 നവമ്പറിൽ പള്ളിയുടെ മുഖവാരം ഉയർത്തിപ്പണിയാൻ തീരുമാനിച്ചതനുസരിച്ച് ആ പണി തുടങ്ങിയതുമൂലമുള്ള അസൌകര്യത്തെ പ്രതി 1945ലെ പള്ളിസ്ഥാപനപെരുന്നാൾ മകരം 22-ാംനു-യേ ആഘോഷിക്കാൻ ഇടയായുള്ളു.

## സണ്ടേസ്കൂളും ആദ്യകാല ആത്മീയ പ്രവർത്തനങ്ങളും

1939 ജൂണിൽ ശ്രീ. സി. പി. ഇയ്യാക്കു, ശ്രീ. പി. വി. ഇട്ടൂപ്പ്, ശ്രീ. പി. വി. മാത്തുകുട്ടി എന്നിവരുടെ പരിശ്രമഫലമായി ഇടവകയിൽ സണ്ടേസ്കൂൾ ആരംഭിച്ചു. പള്ളിയുടെ ഇറമാളികയിൽ തന്നെയാണ് ക്ലാസ്സുകൾ നടത്തിവന്നത്. പ്രസ്തുത മൂന്നുപേർ തന്നെയായിരുന്നു സ്ഥിരം അദ്ധ്യാപകരും. S. N. L. P. സ്കൂൾ പള്ളിയുടെ മാനേജ്മെന്റിൽ വന്നുചേർന്നപ്പോൾ സണ്ടേസ്കൂൾ അദ്ധ്യാപനം പള്ളിയിൽ നിന്ന് ആ സ്കൂളിലേക്ക് മാററി. ക്രമേണ ക്ലാസ്സുകളുടെ എണ്ണം കൂടി. 1985ൽ 10-ാം ക്ലാസുവരെയും ക്ലാസ്സുകളായി. ആദ്യമായി ആ കൊല്ലത്തിൽ ഈ സ്കൂളിൽ നിന്ന്

ഒരു കുട്ടി (ഷീബ P, V. ) S. S. F. C. പരീക്ഷ എഴുതി പാസ്സായി. ഇടവകയിലെ വിദൂരവീടുകളിലെ കുട്ടികൾക്കും വന്നു പഠിക്കാൻ സൌകര്യപ്പെടുമാറു് 1989 ജനവരിയിൽ സണ്ടേസ്കൂൾ വി. കുർബ്ബാന കഴിഞ്ഞ ഉടൻ നടത്തത്തക്കവണ്ണം വികാരി മന (Vicarage) യുടെ മേലെയുള്ള ഹാളിലേക്കു് മാററി. അവിടെ തുടൎന്നു് നടക്കുന്നു.

ആദ്യകാലങ്ങളിൽ സണ്ടേസ്കൂൾ അദ്ധ്യാപനത്തിന്നു് ശേഷം ഓരോ ഞായറാഴ്ചയും ആ അദ്ധ്യാപകരും തല്പരരായ യുവാക്കളും ചേൎന്നു് വേദചർച്ചായോഗങ്ങൾ നടത്തുന്നതു് പതിവായിരുന്നു. ശ്രീ. പി. വി. ഇട്ടപ്പായിരുന്നു അതിന്നു് നേതൃത്വം നല്കിയിരുന്നതു്. അതുപോലെത്തന്നെ നോമ്പുകാലങ്ങളിൽ കുട്ടികളെ സംഘടിപ്പിച്ചു് അദ്ദേഹത്തിൻെറ നേതൃത്വത്തിൽ പള്ളിയിൽ സന്ധ്യാനമസ്കാരവും നടത്താറുണ്ടായിരുന്നു. പകർച്ചവ്യാധികൾ ഉണ്ടാകുന്നകാലങ്ങളിലും കൃഷി നശിക്കുമാറു് മഴയില്ലാതെ കഷ്ടപ്പെടുന്ന കാലങ്ങളിലും ഓരോ ദിവസവും ഇടവകയിലെ ഓരോ വീട്ടിൽ ഇടവകക്കാർ ഒത്തുകൂടി പ്രത്യേക അപേക്ഷകൾ ('ദൈവമേ അനുഗ്രഹിക്ക; പള്ളിതൻമക്കളെ കൂട്ടിവഴിയിൽ...') ചൊല്ലി സന്ധ്യാപ്രാൎത്ഥന നടത്തുന്ന പതിവും അന്നുണ്ടായിരുന്നു.

ഏതാണ്ടു് 1940 മുതലേ സ്ലീബാദാസ സമൂഹസ്ഥാപകനായ മൂക്കഞ്ചേരിൽ പത്രോസച്ചനും(പിന്നീടു് പത്രോസ്മാർ ഒസ്താത്തിയോസ് മെത്രാൻ) സംഘവും വൎഷംതോറും കോട്ടപ്പടിയിലും എത്തി സുവിശേഷപ്രവൎത്തനം നടത്താറുണ്ടായിരുന്നു. ആ പ്രവൎത്തനത്തിൻെറ ഫലമെന്നവണ്ണം പുറജാതികളിൽ നിന്നു് രണ്ടുപേർ മാമോദീസാമുങ്ങി സഭയിൽ ചേൎന്നു. അവരിൽ ഒരാളാണു് മേക്കാട്ടുകളം വൎഗ്ഗീസ്, പള്ളിയിലെ ഇന്നത്തെ കപ്യാർ. സാമ്പത്തികമായും സാമൂഹ്യമായും അയാൾ മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നു. ഇടവകയുടെ ഉദാസീനത എന്നുതന്നെ പറയട്ടെ, അപരൻ സഭവിട്ടു് ദുർമാൎഗ്ഗങ്ങളിലേക്കു് തിരിഞ്ഞു് തനിക്കു തന്നെയും സഭയ്ക്കും നഷ്ടപ്പെട്ടവനായി.

## ഇടവകയിൽ ഒരു ഭക്തസംഘടന

1961ൽ സെൻറു് ഗ്രീഗോറിയോസ് അസോസ്യേഷൻ എന്ന പേരിൽ പ്രത്യേക നിയമാവലിയും വരിസംഖ്യയുമൊക്കെ നടപ്പിലാക്കി ഔപചാരികമായിത്തന്നെ ഒരു യുവജനസംഘടന ഇടവകയിൽ നിലവിൽ വന്നു. ഈ സംഘടന ഇടവിട്ട ഞായറാഴ്ചകളിൽ വേദപഠന ചർച്ചായോഗങ്ങളും ഇടക്കിടെ പ്രാസംഗികരെ സംഘടിപ്പിച്ചു് പൊതുവായ സുവിശേഷ യോഗങ്ങളും നടത്തിക്കൊണ്ടിരുന്നു, പിന്നീടു് അമേരിക്കയിൽ നിന്നു് സൌജന്യമായി ലഭിച്ചിരുന്ന അരി, ഗോതമ്പു്, പാൽപ്പൊടി, കമ്പാ എന്നിവ പാവപ്പെട്ടവർക്കു് ദിവസേന വിതരണം ചെയ്യുന്ന ചുമതലയും ഈ സംഘടന ഏറെറടുത്തു് നടത്തിവന്നു. 1964 ആയപ്പോഴെക്കും



ഭക്ഷണസാധനങ്ങൾ വിതരണത്തിന്നു് ലഭിക്കാതായി. പിന്നീടു് ചില പ്രവൎത്തകർ ഉപരിപഠനാൎത്ഥവും ഉദ്യോഗാൎത്ഥവും മററും സ്ഥലം വിട്ടതിനാൽ ക്രമേണ പ്രവൎത്തനം മന്ദീഭവിച്ചു. ആ സംഘടനാഫണ്ടിൽ ശേഷിച്ച 200രൂ, അതിൻെറ പലിശ പള്ളിവക S. N. L. P. സ്കൂളിൽ 3-ാം ക്ലാസ്സിൽ നിന്നു് ഏററവും കൂടുതൽ മാൎക്കുവാങ്ങി ജയിച്ചു് 4ൽ പഠിക്കുന്ന കുട്ടിക്കു് സമ്മാനം കൊടുക്കത്തക്കവണ്ണം 1972 ൽ ഒരു സ്കോളർഷിപ്പ് നിധിയായി (Endowment) പള്ളിയെ ഏല്പിക്കയുണ്ടായി. പള്ളിയിൽ നിന്നു് അതു് പിന്നീടു് സ്കൂൾ മാനേജരെ ഏല്പിച്ചു. അതനുസരിച്ചു് ആ സമ്മാനം ഇന്നും സ്വാതന്ത്ര്യദിനത്തിൽ സ്കൂളിൽ കൊടുത്തുവരുന്നു.

## പള്ളിപ്പറമ്പ്, സ്കൂൾ

പള്ളി സ്ഥാപനസമയത്തുണ്ടായ ധാരണയനുസരിച്ചും 30-1-38 ലെ പൊതുയോഗം തീരുമാനം ചെയ്തു് രേഖപ്പെടുത്തിയതനുസരിച്ചും ദേവാലയ സ്ഥാപനത്തിന്നു് വേണ്ടി ഒരുക്കൂട്ടിയ മുതലിൽ തൎക്കത്തിൽപ്പെട്ടു് മുടങ്ങിക്കിടന്നിരുന്ന സംഖ്യ തിരിച്ചുകിട്ടിയമുറക്കു് 1942ൽ പള്ളി നില്ക്കുന്ന സ്ഥലം അന്നത്തെ കൈവശ ഉടമയും മുൻ പ്രസ്താവിച്ച മുതുകുളം കുഞ്ഞച്ചൻ മാത്തുവിൻെറ മകനുമായ ഉതുപ്പുവിൽനിന്നു് അന്നത്തെ പള്ളിട്രസ്റ്റിമാരുടെ പേരിലേക്കു് പള്ളിക്കു് വേണ്ടി തീറുവാങ്ങി. അതേ തുടൎന്നു് പള്ളിപ്പറമ്പിന്നു് തീറു് വില ലഭിച്ച സംഖ്യ ഉപയോഗിച്ചു് പ്രസ്തുത ഉതുപ്പും സഹോദരന്മാരും ചേൎന്നു് അന്നേവരെ മൎത്തോമക്കാർ നടത്തി വന്നിരുന്ന S. N. L. P. സ്കൂൾ മാനേജ്മെൻറു് തീറുവാങ്ങി പള്ളിക്കായി ദാനം ചെയ്യുകയാണുണ്ടായതു്. ഇന്നു് സ്കൂൾ പള്ളിമാനേജ്മെൻറിൽ തന്നെ നടന്നു് വരുന്നു.

പള്ളിപ്പറമ്പിൽ കിഴക്കേ അതിരു് ചൊവ്വാകത്തക്കവണ്ണം (Straight) ആ ഭാഗത്തു് 4 സെൻേറാളം വരുന്ന സ്ഥലം പള്ളിക്കു് തീറുവാങ്ങിയതു് 1953ലായിരുന്നു. പള്ളിയുടെ മുൻഭാഗത്തു് പള്ളിക്കു് ദാനം ലഭിച്ചതായി മുൻ പ്രസ്താവിച്ച നിലത്തിൻെറ പടിഞ്ഞാറെ അതിരു് ചൊവ്വാകത്തക്കവണ്ണം പൂക്കോട്ടു് 167/4ൽ ഭാഗം $4\frac{1}{4}$ സെൻറു് സ്ഥലം ശ്രീ. പുലിക്കോട്ടിൽ കുഞ്ഞൻ കുഞ്ഞിമാത്തു 1961ൽ തീറുവാങ്ങി പള്ളിക്കു് ദാനം ചെയ്തു.

## ഇടവകക്കാരുടെ ഉദാസീനത

1945 ജനവരിയായപ്പോഴെക്കു് പള്ളിക്കാര്യങ്ങൾ നടത്തുന്നതിൽ ഇടവകക്കാരുടെ തീക്ഷ്ണത കുറഞ്ഞു. ട്രസ്റ്റിസ്ഥാപനങ്ങൾ ഏറെറടുക്കാൻ മിക്കവർക്കും വൈമനസ്യം. അതിനാൽ 1945 ജനവരിയിലെ പൊതുയോഗം ട്രസ്റ്റിമാരെയും കമ്മററിക്കാരെയും പൊതുയോഗത്തിൽ ഹാജരുള്ളവരിൽ നിന്നു് നറുക്കിട്ടെടുക്കുന്ന രീതി നടപ്പിലാക്കി. കുറച്ചു്

കാലം കൂടെ കഴിഞ്ഞപ്പോഴം പൊതുയോഗത്തിലും ആളുകൾ ചുരുങ്ങിയതിനാൽ ഇടവകയിലെ കുടുംബനാഥന്മാരായ എല്ലാവരുടേയും പേരുകൾ എഴുതി നക്കിട്ടെടുത്തു് ഭാരവാഹികളെ തെരഞ്ഞെടുക്കുന്ന പതനത്തിലെത്തി. അങ്ങിനെ തെരഞ്ഞെടുക്കപ്പെട്ടവർ സ്വാഭാവികമായും പള്ളിഭരണത്തോടു് അലംഭാവം പുലർത്തി. അങ്ങിനെ വന്ന ഘട്ടങ്ങളിലൊക്കെ ശ്രീ. ചെമ്മണ്ണൂരു് പാത്തപ്പൻ മാത്തുകുട്ടി പള്ളിക്കാര്യങ്ങൾ ചിട്ടപോലെ നടത്തി കോട്ടം കൂടാതെ കാര്യങ്ങൾ നിവർത്തിച്ചു എന്നതു് പള്ളിക്കും ഇടവകക്കാർക്കും ക്ഷേമകരമായിത്തീന്നു എന്ന പ്രസ്താവിക്കുന്നതോടൊപ്പം അദ്ദേഹത്തിൻെറ സേവനങ്ങൾക്കു് കൃതജ്ഞതയും ആദരാഞ്ജലികളുമപ്പിക്കാനും ഈ സന്ദർഭം ഉപയോഗിക്കട്ടെ. 1976വരെയും പള്ളിഭാരവാഹികളെ നക്കിട്ടെടുക്കുന്നപതിവു് തുടന്നു. കൈക്കാരന്മാർ ഈ പള്ളിയെ പ്രതിനിധികരിച്ചു് ആത്താററു് കുന്ദംകുളം മഹാഇടവക മാനേജിങ്ങു് കമ്മററിയിൽ സന്നിഹിതരാകണം എന്ന നില വന്നപ്പോഴം അതിന്നു് പററിയവരെ കൈക്കാരന്മാരായി തെരഞ്ഞെടുക്കാൻ പൊതുയോഗം നിർബ്ബന്ധിതമാകയാണുണ്ടായതു്. അപ്പോഴം ശ്രീ. സി. പി. മാത്തുകുട്ടി തന്നെപള്ളിക്കാര്യങ്ങൾ നടത്തിപ്പോന്നു.



ശ്രീ. സി. പി. മാത്തുകുട്ടി


## റോഡരുകിലെ കുരിശുപള്ളി

1955 ആകുമ്പോഴേക്കു് റോഡരുകിലുണ്ടായിരുന്ന കരിശടിയിലെ മരക്കരിശു് ദ്രവിച്ചു് കേടു് വന്നതു് ശ്രദ്ധിക്കപ്പെടാതെ കുറച്ചു് കാലം കിടക്കാൻ ഇടയായി. ആ ശോചനീയ നിലയിൽ മനംനൊന്ത ഒരജ്ഞാതൻ ഒരു ചെറിയ കരിങ്കൽ കരിശു് ദ്രവിച്ചുപോയ കരിശിൻെറ കൽത്തറയിൽ വഴിപാടായി അപ്പിച്ചു. (ആ കരിങ്കൽ കരിശു് അവിടെയുള്ള കരിശുപള്ളിയുടെ തറയോടു് തൊട്ടു് കിഴക്കുഭാഗത്തു് സ്ഥാപിച്ചതു് ഇന്നും കാണാം.) ഈ സംഭവം ഇടവകക്കാരുടെ കണ്ണു തുറപ്പിച്ചു. ചെമ്മണ്ണൂരു് ഉക്രുതാരു സ്വന്തം ചെലവിൽ ആ കരിശടിയുടെ സ്ഥാനത്തു് ആധുനിക മാതൃകയിൽ കൌതുകകരമായ ഒരു കോൺക്രീററു് കരിശുപള്ളി സ്ഥാപിച്ചു് ദാനം ചെയ്തതാണു് ഇന്നു് തൽസ്ഥാനത്തു് കാണുന്നതു്. നി.വ.ദി. ശ്രീ. പത്രോസ്മാർ ഒസ്ത്തിയോസു് തിരുമേനിയാണു് ദുക്റോനോ ദിവസം തോമാശ്ലീഹായുടെ നാമത്തിൽ അതു് പ്രതിഷ്ഠിച്ചു് കൂദാശ ചെയ്തതു്. പള്ളിക്കു് തെക്കുഭാഗം റോഡരുകിലെ കോൺക്രീററു് ക്രാസിയോടുകൂടിയ മതിൽ പണിതതു് 1961ലാണു്. നിലം ഉത്തഭാഗത്തേക്കു് "പടിഞ്ഞാറോട്ടു് ആ മതിൽ നീട്ടിപ്പണിതതു് 1975ൽ മാത്രമാണ.



## വെള്ളിക്കുരിശു്, വികാരിമന, ജംഗ്ഷൻ കുരിശുപള്ളി

പള്ളിക്കു് 1939ൽ ദാനം ലഭിച്ചതായി പ്രസ്താവിച്ച നിലത്തിൽ തെങ്ങിൻ തൈകൾ വെച്ചു് ക്രമേണ മണ്ണിട്ടു് നികത്താൻ 1964ൽ ആരംഭിച്ചു. പള്ളിയുടെ മുഖമണ്ഡപത്തിനു് തൊട്ടരികിലൂടെ ഉണ്ടായിരുന്ന നടവഴിക്കു് പകരം പുതുതായി തൈവെച്ചു് ഉത്തു് പറമ്പാക്കാൻ തുടങ്ങിയ നിലത്തിൻെറ പടിഞ്ഞാറെ അരികിൽ വടക്കു് നിന്നു് വരുന്ന റോഡിനു് സ്ഥലം കൊടുത്തു് പള്ളിപ്പറമ്പു് വിസ്തൃതമാക്കിയതു 1969 ജനവരിയിലാണു്. 1969 ഏപ്രിൽ 22-ാംനു- ഗീവർഗ്ഗീസു് സഹദായുടെ പെ



സെൻറ് മേരീസ് ചാപ്പൽ

രുന്നാളിന് തലേന്ന്, മുഴുവൻ തനി വെള്ളികൊണ്ട് നിർമ്മിച്ച കൊത്തുപണികളോട് കൂടിയ ഒരു പ്രദിക്ഷിണക്കുരിശ്ശ് പള്ളിക്ക് വഴിപാടായി ലഭിച്ചു എന്നത് ഒരു പ്രധാന സംഭവമാണ്. 1970 ഈ പള്ളിയെ സംബന്ധിച്ചേടത്തോളം വളരെയേറെ പ്രാധാന്യമുള്ളതായിരുന്നു. ആ വർഷത്തിൽ ജൂലയിലാണ് ഇന്ന് പള്ളിക്കുമുമ്പിൽ കാണുന്ന വികാരിമന (Vicarage) പണിയാൻ നിശ്ചയിച്ച് പണിയാരംഭിച്ചത്. ഇടവകാംഗങ്ങളിൽ നിന്ന് പലിശയില്ലാക്കടമെടുത്താണ് കെട്ടിടം പണിതത്. അതേ യോഗത്തിൽ വെച്ചുതന്നെ കോട്ടപ്പടി മെയിൻറോഡ് ജങ്ഷനിൽ ഒരു കുരിശുപള്ളി സ്ഥാപിക്കത്തക്കവണ്ണം ഒരു സെൻറ് സ്ഥലം കുത്തുരു് ഇക്കാക്കു ജോൺ പള്ളിക്ക് ദാനം ചെയ്ത് ആധാരം ഹാജരാക്കി പ്രസ്തുത സ്ഥലത്ത് ചെമ്മണ്ണൂര് പാത്തപ്പൻ മാത്തുകുട്ടി സ്വന്തം ചെലവിൽ പള്ളിക്കുവേണ്ടി ഒരു കുരിശുപള്ളി പണിയിക്കാൻ അപേക്ഷിച്ചതനുസരിച്ച് യോഗം അത് അനുവദിക്കുകയും ചെയ്തു. അതനുസരിച്ച് പണിതതാണ് ഇന്ന് കോട്ടപ്പടി ജങ്ഷനിൽ കോട്ടപ്പടി ഓർത്തഡോക്സുകാർക്ക് അഭിമാനിക്കാവുന്ന നിലയിൽ നിലകൊള്ളുന്ന സെൻറ്മേരീസ് ചാപ്പൽ. ഇതിൻെറ കൂദാശ 1971 നവമ്പറിൽ കൊച്ചി ഭദ്രാസനത്തിൻെറ നി. വ. ദി. ശ്രീ. യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. 1972 ജനുവരി മുതൽ ആ കുരിശുപള്ളിയിൽ ജനുവരി 15-ാംനു- ദൈവമാതാവിൻെറ പുകഴ്ചപ്പെരുന്നാളിനും ആഗസ്റ്റ് 15-ാംനു- ദൈവമാതാവിൻെറ വാങ്ങിപ്പുപെരുന്നാളിനും വി. കുർബ്ബാന അർപ്പിക്കുന്ന പതിവ് തുടങ്ങി.

## മഹാ ഇടവകയുമായുള്ള ഭാഗഭാഗിത്വം

1975 വരെയും ഈ പള്ളി ഇടവകയോഗത്തിൻെറ പ്രസിഡൻറായിരുന്നതും പള്ളിയിലെ വി. കർമ്മങ്ങൾ നടത്തിവന്നതും ആത്താററ് – കുന്ദംകുളം മഹാ ഇടവകയിലെ പട്ടക്കാരായിരുന്നു എന്നതും ശവസംസ്കാരത്തിന് ആത്താററ് സിമെററി ഉപയോഗിച്ചുവന്നു എന്നതുമൊഴിച്ച് പള്ളിഭരണപരമായോ സാമ്പത്തികമായോ മഹാഇടവകയോട് ഈ പള്ളിക്ക് മററൊന്നെങ്കിലും വിധേയത്വമോ ചുമതലയോ അധികാരാവകാശങ്ങളോ ഉണ്ടായിരുന്നില്ല. എന്നാൽ 1975ൽ മഹാഇടവകയിൽ ഇടവകപട്ടക്കാർക്ക് ഒരു ശമ്പള പദ്ധതി നടപ്പാക്കിയത് ഈ ഇടവകയും അംഗീകരിച്ചതനുസരിച്ച് ഇവിടത്തെ പട്ടത്വവരുമാനം മഹാഇടവക ആഫീസിൽ അടക്കുവാനും പട്ടക്കാർക്ക് ആ ആഫീസിൽ നിന്ന് ശമ്പളം കൊടുക്കുവാനും വ്യവസ്ഥയായി. അതോടൊപ്പം ഈ കൈക്കാരൻ സ്ഥാനന്യായേന ആത്താററ് – കുന്ദംകുളം മഹാഇടവക മാനേജിങ്ങ് കമ്മററി അംഗമായിത്തീരുകയും ചെയ്തു. സഭാ ഭരണഘടന വിഭാവനം ചെയ്തിട്ടേയില്ലാത്ത ഒരു തരം കൂട്ടുകുടുംബവ്യവസ്ഥ. കുന്ദംകുളം വൈദീകർ തവണകളായി വന്ന് വൈദീക കർമ്മങ്ങൾ നടത്തിപ്പോരുകയും ചെയ്തു. ആ കാലഘട്ടത്തിന്നിടക്ക് 1977 ഏപ്രിൽ മാസത്തിൽ ഈ ഇടവകയിൽ പാരിഷ് മിഷ്യൻ പ്രവർത്തനം ആദ്യമായിസംഘടിപ്പിക്കപ്പെട്ടത് ഇടവകയിൽ അജപാലന ദൌത്യം കുറെയൊക്കെ നിവർത്തിക്കപ്പെടാൻ സൌകര്യമൊരുക്കി.



## പള്ളിയിൽ വി: കർമ്മങ്ങൾ നടത്തിയ മുൻ വൈദീകർ

അതാത് ദിവസങ്ങളിൽ കുന്ദംകുളത്തു നിന്ന് വി. കുർബ്ബാനക്കായി അച്ചന്മാർ വരികയായിരുന്നു പതിവ്. മുൻ പ്രസ്താവിച്ച മൂന്ന് കശീശന്മാരെ തുടന്ന് ദിവ്യ ശ്രീമാന്മാരായ ചെമ്മണ്ണൂര് പത്രോസ് കശീശ, കാക്കശ്ശേരി യൌസേഫ് കശീശ, ചുങ്കത്ത് ജോസഫ് കശീശ, മേക്കാട്ടുകുളം ദാവീദ് കശീശ, ചെറുവത്തൂര് മേത്യു കശീശ, പുലിക്കോട്ടിൽ ജോസ് കശീശ, പുലിക്കോട്ടിൽ ജോസഫ് കശീശ, ചെറുവത്തൂര് പീററർ കശീശ, തെക്കേക്കര ഡേവീഡ് കശീശ, പൊറത്തൂര് ജേക്കബ് കശീശ, പി. വി. ജെയ്ക്കബ് കശീശ, ഉറുമ്പിൽ ജോൺ കശീശ, മുതലായവർ ഇവിടെ പള്ളികർമ്മങ്ങൾ നടത്തിവന്നവരാണ്.

## എഡ്യുക്കേഷൻ ബോർഡ്

പള്ളിയുടെ മാനേജ്മെൻറിലുള്ള ലോവർ പ്രൈമറി സ്കൂളിൻെറ ഭരണസൌകര്യാർത്ഥം സെൻറ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച് എഡ്യുക്കേഷൻ ബോർഡ് രൂപീകരിച്ച് അതിനൊരു നിയമാവലി ക്രോഡീകരിച്ച് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് അംഗീകാരം ലഭിച്ചത് 1980ലാണ്. ഈ സമിതിയുടെ കീഴിൽ ഹോളി ഇൻഫെൻറ്സ് നഴ്സറിസ്കൂൾ എന്നൊരു സ്ഥാപനം 1985ൽ ആരംഭിച്ച് നാലുകൊല്ലം നടത്തിയെങ്കിലും വിദ്യാർത്ഥികളുടെ കുറവുമൂലം അത് പിന്നീട് നിർത്തലാക്കുകയാണുണ്ടായത്.

## സിമെററി

പള്ളികൂദാശയോടൊപ്പം സിമെററിക്കുള്ള സ്ഥലവും കൂദാശ ചെയ്തിരുന്നെങ്കിലും ആദ്യകാലങ്ങളിൽ പള്ളിപൂട്ടിക്കിടന്നതിനാലും മററും അവിടെ ശവസംസ്കാരമൊന്നും നടത്താൻ ഇടയായില്ല. പിന്നീട് സിമെററികൾക്ക് പ്രത്യേകാനുവാദം വാങ്ങിയിരിക്കണമെന്ന നിയമം ഉണ്ടാകുകയും ചെയ്തു. ഒരു സിമെററിക്കായിട്ടാരും പരിശ്രമിച്ചുമില്ല. അതിനാൽ ഈ ഇടവക ശവസംസ്കാരത്തിന് ആത്താററ് വലിയ പള്ളിയുടെ സിമെററിയെത്തന്നെ ആശ്രയിച്ച് വരികയായിരുന്നു. അങ്ങിനെയിരിക്കെ 20_7_80ന് കൂടിയ പള്ളിപ്പൊതുയോഗം പള്ളിക്കൊരു സിമെററിക്ക് അനുമതി ലഭിക്കുന്നതിന് വേണ്ട നടപടികളെടുക്കാൻ അന്നത്തെ വികാരിയായിരുന്ന ബഹു. ഉറുമ്പിൽ ജോൺകശീശക്ക് പുറമെ ശ്രീ എം. എസ്. മേത്യുവിനേയും ശ്രീ പി. യു. വർഗ്ഗീസിനേയും ചുമതലപ്പെടുത്തി. നിലവിലുള്ള നി

യമങ്ങൾക്ക് വിധേയമായി പള്ളിപ്പറമ്പിൽതന്നെ ശവസംസ്കാരത്തിന് അനുമതിലഭിക്കണമെങ്കിൽ മുഴുവൻ കല്ലറകളായുള്ള ഒരു സെല്ലർ സിമെററി ആയാലേ സാധിക്കൂ എന്ന നിഗമനത്തിലെത്തി. അതിനായി പരിശ്രമം തുടങ്ങി. തവണ വികാരി ബഹു. പുലിക്കോട്ടിൽ ജോസ് കശീശ പള്ളിക്കുവേണ്ടി സിമെററിക്കായുള്ള അപേക്ഷ സമർപ്പിച്ചു. നിയമ നടപടികൾക്കിടയിൽ ചില്ലറ ഉടക്കുകളൊക്കെ ഉണ്ടായെങ്കിലും അനുമതി ലഭിച്ചു. 1981ൽ കൊച്ചി ഭദ്രാസന സഹായ മെത്രാപ്പോലീത്ത യാക്കോബ് മാർ പോളിക്കാർപോസ് സിമെററിക്ക് ശിലാസ്ഥാപനം നടത്തി.



ശിലാസ്ഥാപനം

1982ൽ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത യുഹാനോൻ മാർ സേവേറിയോസ് സിമെററി കൂദാശ ചെയ്തു. മേലിൽ ശവസംസ്കാരത്തിന് മഹാ ഇടവകയുടെ സിമെററിയെ ആശ്രയിക്കേണ്ടതില്ല എന്ന നിലവന്നു. ഇടവകക്ക് പ്രായപൂർത്തിയായി; സാമ്പത്തിക വിഷമതകൾ ഉണ്ടെങ്കിലും സ്വന്തം കാര്യങ്ങൾക്ക് പ്രാപ്തിയായി.

## സ്വതന്ത്ര ഇടവക

കൂട്ടുകുടുംബങ്ങളിൽ ശേഷികുറഞ്ഞ താവഴികൾ പലപ്പോഴും അവഗണിക്കപ്പെടാറുള്ള ആ ന്യൂനത ഇവിടെയും അനുഭവപ്പെട്ടുതുടങ്ങി. 'പത്തായം പെറും; ചക്കി കുത്തും; അമ്മ വെക്കും ഞാനുണ്ണും' എന്ന വിധത്തിൽ ഉത്തരവാദിത്വമെല്ലാമൊഴിവാക്കി അലസമായിരുന്നാൽ പോരെന്ന് മനസ്സിലായി. പള്ളികർമ്മങ്ങൾക്കും മററ് ആത്മീകാവശ്യങ്ങൾക്കും മഹാഇടവക അയക്കുന്ന തവണ വികാരിമാരുടെ വരവും കാത്തിരിക്കുന്ന പതിവ്



പള്ളിക്കും ഇടവകക്കും ക്ഷേമകരമല്ലെന്ന് വ്യക്തമായി. മുൻ പ്രസ്താവിച്ച കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നുള്ള മോചനത്തിനായി ഇടവകയുടെ പിന്നത്തെ ശ്രമം. കൊച്ചി ഭദ്രാസനാധിപന്റെ 29-4-82ലെ 85/82-ാം നമ്പ്ര് കല്പന പ്രകാരം ആത്താററ് കുന്ദംകുളം മഹാഇടവകയുടെ നിയന്ത്രണത്തിൽ നിന്ന് ഈ ഇടവക സ്വതന്ത്രമായി.

## പുതിയ വികാരി ദി. ശ്രീ. മത്തായി കശീശ

സ്വതന്ത്ര ഇടവകയുടെ ആദ്യത്തെ വികാരിയായി ബഹു. പി. വി. മത്തായി കശീശ നിയമിക്കപ്പെട്ടു. 1988വരെ ഇദ്ദേഹം വികാരിയായി തുടർന്നു. ഈ കാലഘട്ടം ഇടവകയുടെ ഐശ്വര്യത്തിന്റെയും അഭിവൃദ്ധിയുടെയും കാലമായിരുന്നു. അജപാലന ദൌത്യം ഇടവകയിൽ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കപ്പെടുമാറ്, വികാരിയുടെ പ്രവർത്തനത്തിന് പോഷകമായി ഉപകരിക്കത്തക്കവിധം 1984ൽ പാരിഷ്മിഷ്യൻ രണ്ടാം തവണ ഇവിടെ സംഘടിപ്പിക്കപ്പെട്ടു. 1972ൽ ബഹു. ചെമ്മണ്ണൂര് പത്രോസച്ചന്റെ ശ്രമഫലമായി ഇവിടെ ആരംഭിച്ച് കുറെകാലം പ്രവർത്തിച്ച് പിന്നെ പ്രവർത്തനം മന്ദീഭവിച്ചിരുന്ന മർത്തമറിയം സമാജം പുനർജീവിക്കാൻ പുതിയ വികാരിയുടെ നേതൃത്വം സഹായിച്ചു. ഇടവകയുടെ സാമൂഹികവും സാമ്പത്തികവുമായ അഭിവൃദ്ധിയെ ലക്ഷ്യമാക്കി ഓർത്തോഡോക്സ് ചർച്ച് ആക്ഷൻ സൊസൈററി എന്നൊരു സംഘടന റജിസ്റ്റർ ചെയ്ത് (1983-ൽ) പ്രവർത്തിക്കാൻ ആരംഭിച്ചതും ഹോളിഇൻഫെൻറ്സ് നഴ്സറി സ്കൂൾ എന്നൊരു സ്ഥാപനം തുടങ്ങി (1985ൽ) പ്രവർത്തിച്ച് വന്നതും ഒരു ആംബുലൻസ് വാൻ വാങ്ങി അടുപ്പുട്ടി M. M. M. ആസ്പത്രിയോടനുബന്ധിച്ച് ഉപയോഗിച്ച് കൊണ്ടിരുന്നതും വികാരിമനക്ക് മേലെ ഇന്നുള്ള സണ്ടേസ്കൂൾ ഹാൾ പണിതുയർത്തിയതും പള്ളിപ്പറമ്പിന് ചുററും മതില്കെട്ടിയതുമെല്ലാം അക്കാലത്തായിരുന്നു. ഈ പള്ളിക്ക് അടുപ്പുട്ടി M. M. M. ആസ്പത്രിയുടെ ഗവർണിങ്ങ് ബോർഡ് അംഗത്വമെടുത്തതും പഴഞ്ഞി M. D. കോളേജിന്റെ സ്പോൺസർ പദവിക്കർഹത നേടിയതും പള്ളിയുടെ ഇക്കാലത്തെ വളർച്ചയുടെ പടികളാണ്. ഇടവകയിൽ നിന്ന് ആദ്യമായി ഒരു വൈദീകനുണ്ടായതും ഇക്കാലത്തു തന്നെ. ഇപ്പോൾ കൊച്ചിഭദ്രാസനത്തിൽ സേവനം ചെയ്യുന്ന ബഹു. സി. ററി. ജോസ് കശീശ ഈ ഇടവകയുടെ അരുമ സന്താനമാണ്. അദ്ദേഹത്തിന് 1982 ഡിസംമ്പറിൽ ഈ ഇടവകപ്പള്ളിയിൽവെച്ചുതന്നെ യുഹാനോൻമാർ സേവേറിയോസ് തിരുമേനി വൈദിക പട്ടം കൊടുത്തു. ഞായറാഴ്ചകളിൽ വി. കുർബ്ബാന മുടങ്ങിക്കിടന്നിരുന്ന മുക്കുതല പള്ളിയിൽ മാസത്തിൽ 5 ഞായറാഴ്ച വരുന്ന മാസങ്ങളിൽ 5-ാം ഞായറാഴ്ചയെങ്കിലും വി. കുർബ്ബാന അർപ്പിക്കത്തക്കവണ്ണം ക്രമീകരണമുണ്ടായതു് ഈ ഇടവകയുടെ സഹകരണവും വികാരിയായ ബഹു. മത്തായി കശീശയുടെ സന്നദ്ധത

യും ഉത്സാഹവും കൊണ്ടും കൂടിയാണെന്നു് പറയുന്നതിൽ ചാരിതാർത്ഥ്യമുണ്ടു്. ഗീവർഗ്ഗീസ് സഹദായുടെ പെരുന്നാളും ഇടവകദിനം കൂടിയായി ഇടവക സദ്യയോടുകൂടി ആഘോഷിക്കുന്ന പതിവ് (1985ൽ) ഈ കാലഘട്ടത്തിൽ തന്നെയാണാരംഭിച്ചതു്.

## സ്വയം പ്രതിഷ്ഠാ ശുശ്രൂഷ

വി. ഓർത്തോഡോക്സ് സഭയിൽ 12 വയസ്സായ കുട്ടികൾക്കു് സ്വയം പ്രതിഷ്ഠാശുശ്രൂഷ നടത്തുന്നതിനായി പരിശുദ്ധ സുന്നഹദോസ് തീരുമാനിച്ചതിനെ തുടന്നു് ഇദംപ്രഥമമായി ആ ശുശ്രൂഷ നടത്തിയതു് ഈ ഇടവകയിലെ 10 കുട്ടികൾക്കായിരുന്നു (1987 ഏപ്രിൽ). കാർമ്മികൻ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത പൌലോസ് മാർ മിലിത്തിയോസ്ആയിരുന്നു,



സ്വയം പ്രതിഷ്ഠ നടത്തിയ ആദ്യസംഘം.

വീണ്ടും 1990ലും 7 കുട്ടികൾക്കു് പ്രസ്തുത ശുശ്രൂഷ ഇവിടെ നടത്തപ്പെട്ടു.


## ജീവകാരുണ്യ പ്രവർത്തനങ്ങൾ

മുൻ പ്രസ്താവിച്ച ഓർത്തോഡോക്സ് ചർച്ച് ആക്ഷൻ സൊസൈററിയുടെ പ്രവർത്തനഫലമായി ഇടവകക്കു് വളരെയേറെ പുരോഗതിയുണ്ടായി. ഭൌതീക നേട്ടങ്ങളോടൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങളിലേക്കും ഈ സംഘടന ശ്രദ്ധചെലുത്തുന്നു. രോഗ ചികിത്സക്കുള്ള സഹായാഭ്യർത്ഥന ജാതിമതഭേദമെന്യേ പരിഗണിച്ചു് അർഹിക്കുന്ന ആക്കും സഹായം നൽകുന്നതിൽ സംഘടന ജാഗ്രത പുലത്തുന്നു. പുര കെട്ടിമേച്ചിൽ, വിദ്യാഭ്യാസാവശ്യങ്ങൾ എന്നിവക്കും സഹായം നൽകിക്കൊണ്ടിരിക്കുന്നു. ഭവന നിർമ്മാണത്തിനും ചെറിയതോതിൽ സഹായം നൽകാൻ സംഘടനക്കു് പദ്ധതിയുണ്ടു്. സക്കാരിൻെറ സ്വയം തൊഴിൽ കണ്ടെത്തൽ പരിപാടിയുമായി യോജിച്ചു് സൌത്തിന്ത്യൻ ബാങ്കുമായി സഹകരിച്ചു് ലോൺ അടിസ്ഥാനത്തിൽ തുന്നൽ മെഷീൻ വിതരണം ചെയ്യാൻ ഈ സംഘടന മുൻകൈ എടുത്തതു് (1986ൽ) 40 പേർക്കു് സ്വയം തൊഴിൽ കണ്ടെത്താൻ ഉപകരിച്ചു എന്നതു് പ്രസ്താവ്യമാണ്.



## ദി. ശ്രീ. ചീരൻ ജോർജ്ജ് കശീശ

1988 ആരംഭത്തിൽ ബഹു. ജോർജ്ജ് ചീരൻ കശീശ വികാരിയായി ചാർജെടുത്തു. ഇദ്ദേഹത്തിൻെറ കാലത്തു് മർത്തമറിയം സമാജം, ബാലസമാജം, യുവജന സമാജം എന്നിവയുടെയൊക്കെ പ്രവത്തനം പൂർവ്വാധികം ഊർജ്ജസ്വലമായി. എന്നുമാത്രമല്ല സണ്ടേസ്കൂളിനോടനുബന്ധിച്ചു് സഹപാഠ്യപ്രവർത്തനം (Co-curricular activity) എന്ന നിലയിൽ കുട്ടികൾക്കു് സഭാ ജീവിതത്തിൽ മെച്ചപ്പെട്ട പരിശീലനം നല്കുന്നതിന് അല്പസ്വല്പം പട്ടാളച്ചിട്ടയോടു് കൂടിയ വെൺകുരിശു സംഘം (white cross cadets) ആരംഭിച്ചു് പ്രവർത്തിച്ചുവരുന്നു എന്നതു് പ്രസ്താവ്യമാണ്. 1989 ഏപ്രിലിൽ സണ്ടേസ്കൂൾ വാർഷികത്തോടനുബന്ധിച്ചു് ഭദ്രാസന മെത്രാപ്പോലീത്ത ഈ സംഘടനയുടെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിച്ചു.



വൈററ് ക്രോസ് കേഡററ്സ്

## ദി. ശ്രീ. സി. വി. ജോസഫ് കശീശ

1989 ഏപ്രിലിൽ ബഹു. ചീരൻ ജോർജ്ജ് കശീശ ഇടവക മാറിപ്പോയി. പകരം വികാരിയായി ബഹു. സി. വി. ജോസഫ് കശീശ വികാരിയായി വന്നു. ശനിയാഴ്ച സന്ധ്യാനമസ്കാരവും ഞായറാഴ്ചയും മോറാനായ പെരുനാളുകളിലും വി. കുർബ്ബാനയുമായി അദ്ദേഹം അജപാ

ലനം നടത്തുന്നു. 1991 ജനുവരി 14-ാംനു- ദൈവമാതാവിന്റെ പെരുന്നാളിന് തലേന്നു് ശ്രീ P. U. പാപ്പച്ചനും ശ്രീ C. U. ഗീവറും കൂടി പള്ളി പ്രദക്ഷിണങ്ങൾക്കുപയോഗിക്കാവുന്ന ഒരു പൊൻകുരിശു് പള്ളിയിലേക്കു് വഴിപാടായി സമർപ്പിച്ചു എന്നതു് ഇക്കാലഘട്ടത്തിലെ ഒരു പ്രധാന സംഭവമാണ്.

### ദി. ശ്രീ. ജോസഫ് ചീരൻ കശീശ

മൂക്കുതല പള്ളിയിൽ ഇവിടത്തെ വികാരി വി. കുർബ്ബാനക്കു് പോകുമ്പോൾ ആലുവാ യു. സി. കോളേജ് പ്രൊഫസർ ബഹു. ജോസഫ് ചീരൻ കശീശ ഈ പള്ളിയിൽ വി. കുർബ്ബാന അർപ്പിക്കുന്ന പതിവ് തുടന്നു കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ പണ്ഡിതോചിതമായ പ്രഭാഷണങ്ങൾ ചിന്തോദ്ദീപങ്ങളും ഇടവകക്കാർക്കു് ഒട്ടേറെ ഉത്തേജകവുമാണെന്നു് പറയാൻ സന്തോഷമുണ്ട്.

### ഈ ഇടവക ഭരിച്ച മെത്രാപ്പോലീത്തമാർ

ഈ ഇടവക ആദ്യകാലം മുതൽ വി. സഭയുടെ കൊച്ചിഭദ്രാസനത്തിലായിരുന്നെങ്കിലും ഈ ഭദ്രാസനത്തിന് പ്രത്യേകം മെത്രാനില്ലാതിരുന്നതിനാൽ പ. കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായ ഗീവർഗ്ഗീ



കണ്ടംകുളം മെത്രാപോലീത്തക്ക് പള്ളിയിലേക്കു് ആദ്യവരവേല്പ്



സ്മാർ ബാസേലിയോസ് ദ്വിതീയന്റെ നേരിട്ട് ഭരണത്തിൻ കീഴിലായിരുന്നു. പിന്നീടു് 1958 ഡിസംബറിൽ അന്ത്യോഖ്യാപക്ഷവുമായുള്ള യോജിപ്പിന് ശേഷം കൊച്ചിഭദ്രാസനത്തിന്റെ പൌലോസ്മാർ സേവേറിയോസ് മെത്രാപ്പോലീത്തയും തുടന്നു് യൂഹാനോൻ മാർസേവേറിയോസ് മെത്രാപ്പോലീത്തായും യാക്കോബ് മാർ പോളിക്കാർപോസ് മെത്രാപ്പോലീത്തായും ഭരിച്ചുവന്നു. 1985ൽ കണ്ടംകുളം ഭദ്രാസനം രൂപീകരിച്ചപ്പോൾ ഈ ഇടവക ആ ഭദ്രാസനത്തിൽ ഉൾപ്പെട്ടു; പൌലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത ഭരിച്ചുവരുന്നു.

### ഇപ്പോഴത്തെ ഭരണസമിതി

പള്ളിയുടെ ഇപ്പോഴത്തെ കൈക്കാരൻ ശ്രീ പുലിക്കോട്ടിൽ കൊച്ചുണ്ണി മകൻ രാജനും സെക്രട്ടറി കുത്തൂരു് ഇട്ടൂപ്പ് മകൻ പ്രകാശും കമ്മിററി അംഗങ്ങൾ ശ്രീമാന്മാർ പി. സി. വിത്സൺ, പി. എം. വർഗ്ഗീസ്, സി. പി. ഉക്രുകുട്ടി എന്നിവരും ഓഡിററർ ശ്രീ പി. യു. പാപ്പച്ചനുമാണ്. വികാരിയായ ബഹു. സി. വി. ജോസഫ് കശീശ 'ഭരണസമിതി പ്രസിഡന്റുമാണ്

### വജ്ര ജൂബിലി ആഘോഷം

ഇടവകയിൽപ്പെട്ടവരും ഈ പള്ളിയിൽ കൂടിവരുന്നവരുമായ എല്ലാവരുടെയും ഭവനങ്ങൾ റൂശ്മ ചെയ്തും ഓരോ കുടുംബത്തിനും പ്രതിദിന ധ്യാനത്തിനുതകുന്ന 'അനുദിനചിന്തകൾ' എന്ന പുസ്തകം സമ്മാനിച്ചും കൊണ്ടാണ് വജ്ര ജൂബിലി ആഘോഷം ആരംഭിച്ചതു്. വൈദീക സെമിനാരിയിൽ നിന്നുള്ള പാരിഷ്മിഷ്യൻ സംഘത്തിന്റെ പ്രവർത്തനവും ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ജനങ്ങൾക്കു് ആത്മീകോത്തേജനത്തിനുതകി. ഇടവകാംഗങ്ങളിൽ സഭാബോധം വളർത്തുകയും ആത്മീകമായും മാനസികമായും അവരെ ഉയർത്തുകയും ചെയ്യുമാറു് പരുമല, പാമ്പാടി, ദേവലോകം, മണർകാട് എന്നിവിടങ്ങളിലെ പള്ളികളിലേക്കു് ഒരു തീർത്ഥയാത്രയും ജൂബിലി ആഘോഷത്തിന്റെ ഒരു പ്രധാന പരിപാടിയായിരുന്നു. 1992 ജനുവരി 26-ാംനു- പള്ളിയിൽ കൂടിയ ജൂബിലി സമാപന സമ്മേളനത്തിൽ ഭദ്രാസന മെത്രാപ്പോലീത്ത ആദ്ധ്യക്ഷ്യം വഹിച്ചു. സ്വാഗത പ്രസംഗത്തിൽ ശ്രീ എം. എസ്. മേത്യു ഇതഃപര്യന്തമുള്ള പള്ളിച്ചരിത്രത്തിലൂടെ ഒരു വിഹഗവീക്ഷണം നടത്തി. ക്രൈസ്തവ ജീവിതത്തിൽ ദേവാലയത്തിന്റെയും ദൈവാരാധനയുടെയും പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ടു് മെത്രാപ്പോലീത്ത സമ്മേളനം ഉൽഘാടനം ചെയ്തു. ഇടവകകളിൽ അത്മായരുടെ ആത്മീയ നേതൃത്വത്തിന്റെ ആവശ്യകത അനിവാര്യമാണെന്നതു് ഈ പള്ളിച്ചരിത്രത്തിൽ നിന്നുള്ള ഉദാഹരണങ്ങൾ തന്നെ ഉദ്ധരിച്ചുകൊണ്ടു് മുൻവികാരി ദി. ശ്രീ. പി. വി. മത്തായി കശീശ വജ്ര

ജൂബിലി സ്മരണിക പ്രകാശനം ചെയ്ത് ഒരു പ്രതി പള്ളി സെക്രട്ടറി ശ്രീ. K. I. പ്രകാശിന് നല്കി. പള്ളിവികാരി ദി. ശ്രീ. സി. വി. ജോസഫ് കശീശ സദസ്സിന് കൃതജ്ഞത പ്രകാശിപ്പിച്ചു. സമ്മേളനാനന്തരം 'കൊച്ചിൻ കോറസ്' ന്റെ ഗാനമേളയുണ്ടായിരുന്നു.




അഭിവന്ദ്യ മിലിത്തിയോസ് തിരുമേനി സമ്മേളനം ഉൽഘാടനം ചെയ്യുന്നു.



ദി. ശ്രീ. മത്തായി കശീശ സ്മരണിക പ്രകാശനം ചെയ്യുന്നു.






നന്ദിപ്രകടനം



കാതോലിക്കാ ഗാനാലാപം



ജൂബിലി ആഘോഷത്തിന്റെ പിന്നണിപ്രവർത്തകർ.

## ജൂബിലി ആഘോഷകമ്മിററി

ദിവ്യശ്രീ. സി. വി. ജോസഫ് കശീശ — പ്രസിഡൻറ്
ശ്രീ. പി. എം. വർഗ്ഗീസ് — കൺവീനർ
,, പി. യു. പാപ്പച്ചൻ മെമ്പർ
,, പി. കെ. രാജൻ ,,
,, കെ. ഐ. പ്രകാശ് ,,
,, സി. എം. കൊച്ചൂഞ്ഞൻ ,,

## നാളിതുവരെ ഉണ്ടായ കൈക്കാരൻമാർ

| | | | |
|---|---|---|---|
| 1. | പനക്കൻ ചാക്കു കുഞ്ഞാത്തു | | 1932—38 |
| 2. | ചെറുവത്തൂരു് മാത്തു കുരിയാക്കു | | |
| 3. | ആലുമൂട്ടിൽ തോമസ് ജോർജ്ജ്(സെക്രട്ടറി ട്രസ്റ്റി | | 1/19381 /1944 |
| 4. | പനക്കൽ ഇററ മാത്തു താരു (ഖജാൻജി ട്രസ്റ്റി) | | |
| 5. | ചെമ്മണ്ണൂരു് പൌലോസ് പാത്തപ്പൻ | (സെ) | 1/44—1/45 |
| 6. | പുലിക്കോട്ടിൽ മാത്തു വറീതു് | (ഖ) | |
| 7. | കുത്തൂരു് പൈലുണ്ണി ഇട്ടൂപ്പ് | (സെ) | 1/45—1/46 |
| 8. | പുലിക്കോട്ടിൽ വറിയതു് ഉ ട്ടൂപ്പ് | (ഖ) | |
| 9. | മുതുകുളം മാത്തു ചുമ്മാരു് | (സെ) | 1/46—1/47 |
| 10. | പുലിക്കോട്ടിൽ വറീയതു് ഇട്ടൂപ്പ് | (ഖ) | |
| 11. | കുത്തൂരു് പൈലുണ്ണി ഇട്ടൂപ്പ് | (സെ) | 1/47—6/48 |
| 12. | കുത്തൂരു് വറീത് ചുമ്മാരു് | (ഖ) | |
| 13. | ചെമ്മണ്ണൂരു് പൌലോസ് പാത്തപ്പൻ | (സെ) | 6/48—6/49 |
| 14. | കുത്തൂരു് കുരിയാക്കു വറീത് | (ഖ) | |
| 15. | പുലിക്കോട്ടിൽ ചുമ്മാരു് ഉക്രു | (സെ) | 6/49—6/50 |
| 16. | കുത്തൂരു് ഇട്ടൂപ്പ് ജോബ് | (ഖ) | |
| 17. | കുത്തൂരു് ഇട്ടൂപ്പ് ജോബ് | (സെ) | 6/50—5/51 |
| 18. | പുലിക്കോട്ടിൽ ചുമ്മാരു് ഉക്രു | (ഖ) | |
| 19. | കുത്തൂരു് പീററർ ഈപ്പൻ | (സെ) | 5/51—6/52 |
| 20. | കുത്തൂരു് വറീത് ചുമ്മാരു് | (ഖ) | |
| 21. | ചെമ്മണ്ണൂരു് ഉക്രു ചാക്കുണ്ണി | (സെ) | 6/52—6/53 |
| 22. | കുത്തൂരു് പൈലുണ്ണി ഇട്ടൂപ്പ് | (ഖ) | |
| 23. | പനക്കൽ ഇററിമാത്തു താരു | (സെ) | 6/53—6/54 |
| 24. | കുത്തൂരു് ഇട്ടൂപ്പ് ജോബ് | (ഖ) | |
| 25. | വടക്കേതലക്കൽ ചേറു ഇട്ടൂപ്പ് | (സെ) | 6/54—5/55 |
| 26. | കുത്തൂരു് പൈലുണ്ണി ഇട്ടൂപ്പ് | (ഖ) | |
| 27. | ചെമ്മണ്ണൂരു് പാത്തപ്പൻ ചാക്കുട്ടി | (സെ) | 5/55—5/56 |
| 28. | കുത്തൂരു് പൈലുണ്ണി ഇട്ടൂപ്പ് | (ഖ) | |
| 29. | ചെമ്മണ്ണൂരു് ഉക്രു താരു | (സെ) | 5/56—6/57 |
| 30. | ചെമ്മണ്ണൂരു് പാത്തപ്പൻ ചാക്കുട്ടി | (ഖ) | |
| 31. | ആലുമൂട്ടിൽ തോമസ് ജോർജ്ജ് | (സെ) | 6/57—6/58 |
| 32. | ചെറുവത്തൂരു് പൈലി വറീത് | (ഖ) | |
| 33. | പുലിക്കോട്ടിൽ ചുമ്മാരു് ഉക്രു | (സെ) | 6/58—8/59 |
| 34. | പുലിക്കോട്ടിൽ ചുമ്മാരു് ചുമ്മരു് | (ഖ) | |
| 35. | പുലിക്കോട്ടിൽ കുഞ്ഞിമാത്തു ചേറു കൈക്കാരൻ | | 8/59—7/60 |
| 36. | ചെമ്മണ്ണൂരു് ഉക്രു ചാക്കുണ്ണി | (സെക്രട്ടറി) | |
| 37. | പുലിക്കോട്ടിൽ കുഞ്ഞിമാത്തു ചേറു | (കൈ) | 7/60—6/61 |
| 38. | കുത്തൂരു് ഇട്ടൂപ്പ് കൊച്ചൂഞ്ഞൻ | (സെ) | |
| 39. | ചെമ്മണ്ണൂരു് ചാക്കുണ്ണി വറീത് | (കൈ) | 6/61—5/62 |
| 40. | മുതുകുളം മാത്തു ശാമുവേൽ | (സെ) | |
| 41. | ചെമ്മണ്ണൂരു് ഉക്രു ചാക്കുണ്ണി | (കൈ) | 5/62—6/63 |
| 42. | ചെമ്മണ്ണൂരു് പാത്തപ്പൻ മാത്തുകുട്ടി | (സെ) | |
| 43. | ചെമ്മണ്ണൂരു് വറീത് പാത്തപ്പൻ | (കൈ) | 6/63—6/64 |
| 44. | പനക്കൽ ഉതുപ്പു മാത്തു | (സെ) | |
| 45. | പനക്കൽ ഉതുപ്പു മാത്തു | (കൈ) | 6/64—7/65 |
| 46. | പുലിക്കോട്ടിൽ ചുമ്മാരു് ചുമ്മാരു് | (സെ) | |
| 47. | കുത്തൂരു് കുരിയാക്കു ഇയ്യപ്പൻ | (കൈ) | 7/65—6/66 |
| 48. | മുതുകുളം മാത്തു ചുമ്മാരു് | (സെ) | |
| 49. | കുത്തൂരു് പീററർ ഈപ്പൻ | (കൈ) | 6/66—7/67 |
| 50. | ചെമ്മണ്ണൂരു് ഉക്രു താരു | (സെ) | |
| 51. | മുതുകുളം മാത്തു ശമുവേൽ | (കൈ) | 7/67—6/68 |
| 52. | മുതുകുളം മാത്തു ചുമ്മാരു് | (സെ) | |
| 53. | ചെമ്മണ്ണൂരു് ചാക്കുണ്ണി വറീത് | (കൈ) | 6/68—6/69 |
| 54. | പനക്കൽ മാത്തു ചിന്നപ്പൻ | (സെ) | |
| 55. | ചെമ്മണ്ണൂരു് പാത്തപ്പൻ ചാക്കുട്ടി | (കൈ) | 6/69—7/70 |
| 56. | കുത്തൂരു് ഇട്ടൂപ്പ് ജോബ് | (സെ) | |
| 57. | ചെമ്മണ്ണൂരു് പാത്തപ്പൻ വറീതു് | (കൈ) | 7/70—12/71 |
| 58. | കുത്തൂരു് ഇട്ടൂപ്പ് കൊച്ചൂഞ്ഞൻ | (സെ) | |
| 59. | പുലിക്കോട്ടിൽ കുഞ്ഞിമാത്തു ചേറു | (കൈ) | 12/¯1—4/72 |
| 60. | ചെമ്മണ്ണൂരു് വറീയതു് മാത്തുകുട്ടി | (സെ) | |
| 61. | മുതുകുളം ചുമ്മാരു് മേത്യൂ | (കൈ) | 4/72—1/74 |
| 62. | ചെമ്മണ്ണൂരു് വറിയതു മാത്തുകുട്ടി | (സെ) | |
| 63. | പുലിക്കോട്ടിൽ വറീതു് മാത്തുകുട്ടി | (കൈ) | 1/74—1/75 |
| 64. | ചെമ്മണ്ണൂരു് പാത്തപ്പൻ ചാക്കുട്ടി | (സെ) | |
| 65. | പുലിക്കോട്ടിൽ ചുമ്മാരു് ഉക്രു | (കൈ) | 1/75—3/76 |
| 66. | ചെമ്മണ്ണൂരു് വറീയതു് ചാക്കുണ്ണി | (സെ) | |
| 67. | മുതുകുളം ചുമ്മാരു് മേത്യൂ | (കൈ) | 3/76—3/80 |
| 68. | പുലിക്കോട്ടിൽ ഉക്രു വർഗ്ഗീസ് | (സെ) | |
| 69. | പനക്കൽ മാത്തു കൊച്ചുണ്ണി | (കൈ) | 3/80—2/81 |
| 70. | പുലിക്കോട്ടിൽ ഉക്രു വർഗ്ഗീസ് | (സെ) | |
| 71. | ചെമ്മണ്ണൂരു് വറിയതു് ചെറിയാൻ | (കൈ) | 2/81—2/82 |
| 72. | പനക്കൽ മാത്തു കൊച്ചുണ്ണി | (സെ) | |
| 73. | P. U. പാപ്പച്ചൻ | (കൈ) | 2/82—2/83 |
| 74. | C. V. ചെറിയാൻ | (സെ) | |
| 75. | P. U. വർഗ്ഗീസ് | [കൈ] | 2/83—2/85 |
| 76. | P. U. പാപ്പച്ചൻ | [സെ] | |
| 77. | M. S. മേത്യൂ | [കൈ] | 2/85—5/86 |
| 78. | P. U. വർഗ്ഗീസ് | [സെ] | |

| | | | |
|---|---|---|---|
| 79. | M. S. മേത്യു | [കൈ] | 5/86—5/87 |
| 80. | P. U. പാപ്പച്ചൻ | [സെ] | |
| 81. | P. U. വർഗ്ഗീസ് | [കൈ] | 5/87—4/88 |
| 82. | P. U. പാപ്പച്ചൻ | [സെ] | |
| 83. | C. V. ചെറിയാൻ | [കൈ] | 4/88—4/90 |
| 84. | K. I. പ്രകാശ് | [സെ] | |
| 85. | C. V. ചെറിയാൻ | [കൈ] | 4/90—9/90 |
| 86. | C. P. ഉക്രുകുട്ടി | [സെ] | |
| 87. | P. M. വർഗ്ഗീസ് | [കൈ] | 9/90—7/91 |
| 88. | C. P. ഉക്രുകുട്ടി | [സെ] | |
| 89. | P. K. രാജൻ | [കൈ] | 7/91— |
| 90. | K. I. പ്രകാശ് | [സെ] | |

---

ഇടവകയുടെ

മദ്ധ്യസ്ഥ പുണ്യവാൻ



ഗീവർഗീസ് സഹദ

Printed at: St. Thomas Press, Kunnamkulam.